(ജി) തിരുവനന്തപുരം മെഡിക്കൽകോളേജ് മേഖലാ വികസനത്തിനായി ഈ പദ്ധതിപ്രകാരം ഒരു വിദഗ്ദ്ധ ഏജൻസി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികളോടെ കഴിയും വേഗം അംഗീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) 2001-ൽ ആണ് തീരപ്രദേശം പദ്ധതിക്ക് അനുമതി നൽകിയത്.

(ഡി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) തിരുവനന്തപുരം കോർപ്പറേഷന് 10 ടിപ്പർ ലോറികൾ വാങ്ങി നൽകുന്ന ജോലി പൂർത്തിയായിട്ടുണ്ട്.

(എഫ്) അനുവദിച്ച പദ്ധതികളുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം ആവശ്യമാണ്.

(ജി) ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കൊച്ചിയിൽ ആരംഭിക്കുന്ന സ്മാർട്ട്സിറ്റിയുടെ വിശദാംശം

123. [123] ശ്രീ. ജോണി നെല്ലൂർ:

,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ആരംഭിക്കുന്ന സ്മാർട്ട്സിറ്റിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധമായി കേരളത്തിലെ പ്രതിപക്ഷ കക്ഷികളുടെ നേതാക്കളുമായി മുഖ്യമന്ത്രി എന്നാണ് ചർച്ചകൾ നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത യോഗത്തിന്റെ യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കാലാവധി അവസാനിക്കാൻ പോകുന്ന സർക്കാർ ധൃതിപിടിച്ച് കരാറിൽ ഒപ്പ് വയ്ക്കാതിരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളസർക്കാരിന്റെയും ദുബായ് ഇന്റർനെറ്റ് സിറ്റിയുടെയും സംയുക്ത സംരംഭമായി കൊച്ചിയിലെ ഇൻഫോ പാർക്കിനെ കേന്ദ്രീകരിച്ചുള്ള ഐ. ടി. പാർക്ക് വികസനത്തിനായുള്ള ഒരു പദ്ധതിയാണ് സ്മാർട്ട്സിറ്റി പ്രോജക്ട്. 2004 ഡിസംബറിൽ ഇത് സംബന്ധിച്ച് ഡി. ഐ. സി. കേരള സർക്കാരിന് ഒരു കർത്തവ്യ നിർദ്ദേശം

† അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly.

സമർപ്പിക്കുകയുണ്ടായി. തുടർന്നുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു ധാരണാപത്രം ഇരു കക്ഷികളുടെയും പ്രതിനിധികൾ ഒപ്പുവച്ചിട്ടുണ്ട്. ഇതനുസരിച്ച് കേരള സർക്കാർ 100 ഏക്കർ സ്ഥലം പുതുതായി മൂപം കൊള്ളുന്ന കമ്പനിക്ക് ഏക്കറിന് ഒരു മൂപാ നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിന് നൽകും. അതിനുപുറമെ 136 ഏക്കർ സ്ഥലം 38 കോടി രൂപയ്ക്ക് പുതിയ കമ്പനിക്ക് നൽകുന്നതാണ്. ഇൻഫോ പാർക്കും അതിൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുവകകളും 109 കോടി രൂപയ്ക്ക് പുതിയ കമ്പനിക്ക് കൈമാറുന്നതാണ്. പുതുതായി രൂപം കൊള്ളുന്ന കമ്പനിയിൽ ഡി. ഐ. സി.യ്ക്ക് 91% ഓഹരിയും കേരള സർക്കാരിന് 9% ഓഹരിയുമാണ് ഉണ്ടായിരിക്കുക. പ്രസ്തുത പദ്ധതി നിലവിൽ വരുമ്പോൾ സ്മാർട്ട്സിറ്റിയിൽ സ്ഥാപിക്കപ്പെടുന്ന IT/ITES വ്യവസായങ്ങളിൽ നിന്ന് 33,300 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുവാൻ ദുബായ് ഇന്റർനെറ്റ് സിറ്റി കടപ്പെട്ടിരിക്കുന്നു.

(ബി) 2005 ജൂൺ 24-ാം തീയതി

(സി) നടപടിക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

(ഡി) ഇല്ല.

കണ്ണൂർ ജില്ലയിലെ സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾ

124 [124] ശ്രീ.എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അഴീക്കോട് അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് സുനാമി ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ചുകൊണ്ട് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 1,32,65,543 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) അഴീക്കോട് മണ്ഡലത്തിലെ TEAP സ്കീമിൽപ്പെടുത്തി ADB ഫണ്ട് ഉപയോഗിച്ച് വാണിജ്യ തുറമുഖത്തിലേക്കുള്ള റോഡ് റിപ്പയർ, പുലിമുട്ടിന്റെ കേടുപാടുകൾ തീർക്കൽ, വാണിജ്യ തുറമുഖത്തിനുള്ള വാർപ്പിന്റെ നിർമ്മാണം, ഡ്രെയിനേജ് എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly